9

# “നൽകുന്നതാണ് അധികം ഭാഗ്യം”

ആദ്യ സഭ ആളുകളുടെ വിസ്മയിക്കുന്ന കൂട്ടമായിരുന്നു. ഇന്നു വളരെ പേർക്കു ചെയ്യുവാൻ ബുദ്ധിമുട്ടുള്ള കാര്യമാണ് അന്ന് അവർ ചെയ്തത് - പ്രധാനപ്പെട്ടതും പ്രവൃത്തികളുടെ പുസ്തകത്തിൽ രണ്ട് പ്രാവശ്യം പറഞ്ഞിട്ടുള്ളതുമാകുന്നു.

> വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്നു സകലവും പൊതുവക എന്നു എണ്ണുകയും ജന്മഭൂമികളും വസ്തുക്കളും വിറ്റു അവനവന്നു ആവശ്യമുള്ളതുപോലെ എല്ലാവർക്കും പങ്കിടുകയും ചെയ്തു (പ്രവൃത്തികൾ 2:44, 45).

> മുട്ടുള്ളവൻ ആരും അവരിൽ ഉണ്ടായിരുന്നില്ല. നിലങ്ങളുടേയോ വീടുകളുടേയോ ഉടമസ്ഥന്മാരായവർ ഒക്കെയും അവ വിറ്റു വില കൊണ്ടുവന്ന് അപ്പൊസ്തലന്മാരുടെ കാൽക്കൽ വെക്കും. പിന്നെ ഓരോരുത്തന്ന് ആവശ്യം പോലെ വിഭാഗിച്ചുകൊടുക്കും.
>
> പ്രബോധനപുത്രൻ എന്ന് അർത്ഥമുള്ള ബർന്നബാസ് എന്നു അപ്പൊസ്തലന്മാർ മറുപേർ വിളിച്ച കുപ്രദ്വീപുകാരനായ യോസേഫ് എന്നോരു ലേവ്യൻ തനിക്കുണ്ടായിരുന്ന നിലം വിറ്റു പണം കൊണ്ടുവന്നു അപ്പൊസ്തലന്മാരുടെ കാൽക്കൽ വെച്ചു (പ്രവൃത്തികൾ 4:34-37).

ഔദാര്യപൂർവ്വമായ ദാനങ്ങൾ ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾക്കിടയിൽ ഒറ്റപ്പെട്ട സംഭവമായിരുന്നില്ല. സഭ യെഹൂദ്യക്കപ്പുറത്തേക്ക് വളർന്നപ്പോൾ, മൂന്നൂറു മൈൽ അകലെയുള്ള (480 കിലോമീറ്റർ അകലെ) സിറിയയിലെ അന്ത്യോക്യയിൽ സഭ ആരംഭിച്ചു. അഗബാസ് എന്ന ഒരു പ്രവാചകൻ യെരുശലേമിൽനിന്ന് അന്ത്യോക്യയിൽ ചെന്ന് ഒരു ക്ഷാമം വരുവാൻ പോകുന്നു എന്ന് പ്രവചിച്ചു. ക്ലൗദ്യോസ് കൈസർ ഭരിച്ചുകൊണ്ടിരുന്നപ്പോൾ, ലോകമെമ്പാടും ക്ഷാമം നേരിട്ടു (പ്രവൃത്തികൾ 11:27, 28). ആ ക്ഷാമം യെഹൂദ്യയെ പോലെ തന്നെ അന്ത്യോക്യയെയും ബാധിച്ചിരുന്നുവെങ്കിലും, “യെഹൂദ്യയിൽ പാർക്കുന്ന സഹോദരന്മാരുടെ ഉതവിക്കായി ശിഷ്യന്മാരിൽ ഓരോരുത്തൻ പ്രാപ്തി പോലെ കൊടുത്തയപ്പാൻ നിശ്ചയിച്ചു. അവർ അത് നടത്തി ബർന്നബാസിന്റേയും ശൗലിന്റേയും കയ്യിൽ മൂപ്പന്മാർക്ക് കൊടുത്തയച്ചു” (പ്രവൃത്തികൾ 11:29, 30).

കുറച്ചു വർഷങ്ങൾക്ക് ശേഷം, പാലസ്തീനിലെ യെഹൂദ ക്രിസ്ത്യാനികളുടെ മുട്ടു തീർക്കുവാൻ, മക്കെദോന്യ, അഖായ, ഗലാത്യ എന്നീ സ്ഥലങ്ങളിലെ ക്രിസ്ത്യാനികളെ പ്രോൽസാഹിപ്പിച്ചു. അവൻ ചെന്നശേഷം ശേഖരം ഉണ്ടാകാതിരിക്കേണ്ടതിന് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ധർമ്മശേഖരം നടത്തുവാൻ അവൻ പ്രബോധിപ്പിച്ചു (1 കൊരിന്ത്യർ 16:1, 2).

## നൽകൽ ആരാധന പോലെ

ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലെ ധർമ്മശേഖരം ദൈവത്തോടുള്ള ആരാധനാ പ്രകടനമാണെന്നതിന് ബൈബിൾ അടിസ്ഥാനമുണ്ടെന്ന് ചിന്തിക്കാമോ? ആരാധനക്ക് അംഗങ്ങൾ കൂടിവരുമ്പോൾ, ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ധർമ്മശേഖരം നടത്തുവാനായിരുന്നു പൗലൊസ് കൊരിന്ത്യസഭയോട് നിർദ്ദേശിച്ചത്. മിക്കവാറും എല്ലാവർക്കും സൗകര്യപ്രദമായതുകൊണ്ടു മാത്രമാണോ അവൻ അങ്ങനെ നിർദ്ദേശിച്ചത്? അത് ആരാധനയുടെ ഭാഗമായി പരിഗണിച്ചിരുന്നോ, അല്ലെങ്കിൽ ധർമ്മശേഖരം അവർ ദൈവത്തെ ആരാധിക്കുന്നതിനപ്പുറമായ ഒരു പ്രവൃത്തി ആയിരുന്നോ?

ആ ചോദ്യത്തിനു മറുപടിയായി, ആന്റി ടി. റിച്ചി എഴുതി:

> ആരാധനയിൽ ഉൾപ്പെട്ടതായി പല “കാര്യങ്ങൾ” ഉണ്ടായിരുന്നതായി നമ്മെ പഠിപ്പിച്ചിരുന്നു എന്നതിൽ സംശയമില്ല, അങ്ങനെ “കൂട്ടിവെച്ചിരുന്നവയിൽ” ഒന്നാണ് ധർമ്മശേഖരം. അതുകൊണ്ട് നാം നൽകുന്നതും ലിസ്റ്റിൽ ഉൾപ്പെടുന്നു എന്ന് ഒരു യാന്ത്രികമായ തീർപ്പിൽ എത്തിച്ചേർന്നു. എന്നാൽ സഭയുടെ കാര്യങ്ങൾക്ക് പണം ആവശ്യമാണ് എന്നതിനപ്പുറമായ ഒരു വ്യാഖ്യാനത്തിലേക്ക് നാം കടക്കുന്നില്ല സഭയുടെ പ്രവർത്തനങ്ങൾക്ക് പണം ആവശ്യമായതിനാൽ സഹായിക്കേണ്ടത് ആവശ്യമാണ് എന്നതിൽ ഒതുങ്ങി നിൽക്കുന്നു ...

അദ്ദേഹം പിന്നീട് ചോദിക്കുന്നു:

> എന്നാൽ നമ്മുടെ മനസാക്ഷിയെ നാം മൂർച്ചകൂട്ടേണ്ടതല്ലേ [എരിവുള്ളവരാകുക] അങ്ങനെ കൊടുക്കുന്നത് ബോധപൂർവ്വം ഭയഭക്തിപൂണ്ട് ദൈവത്തെ വണങ്ങുന്നതാകേണ്ടേ?[1]

ആ ചോദ്യത്തിന് ബൈബിൾ സംബന്ധമായ ഉത്തരം നൽകുവാൻ, നമുക്ക് പൗലോസ് വന്ന പശ്ചാത്തലവും, ക്രിസ്ത്യാനിത്വത്തിന്റെ എബ്രായ വേരുകളും നോക്കേണ്ടതുണ്ട്. ബൈബിളിൽ ദൈവത്തോടുള്ള സജീവ പ്രതികരണങ്ങളിൽ രണ്ടാമത്തേതായിട്ടാണ് ദൈവത്തിനുള്ള നൽകൽ പറഞ്ഞിരിക്കുന്നത് (ഉല്പത്തി 4:3–5). ആദ്യത്തേത് അനുസരണമായിരുന്നു (ഉല്പത്തി 2:16,17). നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൽനിന്ന് തിന്നരുതെന്ന് ദൈവം ആദാമിനോടും ഹവ്വയോടും കല്പിച്ചിരുന്നു. നല്കുന്നതിനെക്കുറിച്ച് ഉള്ള ദൈവ നിർദ്ദേശം ഉല്പത്തി പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല, എന്നാൽ എബ്രായ ലേഖകൻ പറഞ്ഞു, “വിശ്വാസത്താൽ ഹാബേൽ ദൈവത്തിന് ഉത്തമമായ യാഗം കഴിച്ചു, ...” (എബ്രായർ 11:4). വിശ്വാസത്താൽ നാം എന്തെങ്കിലും ചെയ്യുന്നതിനു മുമ്പ്, ദൈവത്തിൽ നിന്നുള്ള നിർദ്ദേശം നാം നോക്കണം; കാരണം “വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു” (റോമർ 10:17).

ദൈവജനം എല്ലായിപ്പോഴും നൽകുന്ന ജനമായിരുന്നു, ആ നൽകൽ ദൈവത്തോടുള്ള പ്രതികരണമാകുവാൻ ദൈവം ആഗ്രഹിച്ചു. യുദ്ധം ജയിച്ചു വന്ന ദൈവത്തിന്റെ പുരോഹിതനും ശാലേം രാജാവുമായ മൽക്കീസേദെക്കിനു അബ്രഹാം ദശാംശം കൊടുത്തിരുന്നു (ഉൽപത്തി 14; പ്രത്യേ

കിച്ച് വാക്യം 18 മുതൽ 20 വരെ നോക്കുക). തന്റെ അനുഗ്രഹങ്ങളിലെല്ലാം പത്തിലൊന്ന് ദൈവത്തിന് കൊടുക്കുമെന്ന് യാക്കോബ് പറഞ്ഞിരുന്നു (ഉല്പത്തി 28:20-22).

രണ്ട് യാഗപീഠങ്ങളിന്മേൽ, ന്യായപ്രമാണത്തിൻ കീഴുള്ള ജനങ്ങൾ ദൈവത്തെ ആരാധിക്കുന്നതിന്റെ ഭാഗമായി വിവിധ തരം വഴിപാടുകളും യാഗങ്ങളും അർപ്പിച്ചിരുന്നു. സമാഗമന കൂടാരത്തിനു പുറത്തുള്ള (പിന്നീട് ദൈവാലയം) യാഗപീഠത്തിന്മേൽ ഹോമയാഗം അർപ്പിച്ചിരുന്നു. അകത്തുള്ള യാഗപീഠത്തിന്മേൽ ധൂപവർഗ്ഗം അർപ്പിച്ചിരുന്നു. ദൈവത്തിന് നേർച്ചകൾ അർപ്പിക്കുവാൻ യാഗപീഠങ്ങൾ ഉണ്ടായിരുന്നു. ദൈവത്തിന് വിവിധതരത്തിലുള്ള വഴിപാടുകളും യാഗങ്ങളും ശരിയായി അർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ലേവ്യാ പുസ്തകത്തിലെ ആദ്യത്തെ ഏഴ് അദ്ധ്യായങ്ങൾ പറഞ്ഞിരിക്കുന്നു.

യഹൂദ്യയിൽ സത്യാരാധന യഥാസ്ഥാനപ്പെടുത്തുവാൻ എസ്രയും നെഹമ്യാവും ശ്രമിച്ചപ്പോൾ ദൈവാലയ ശുശ്രൂഷയുടെ നടത്തിപ്പിന് ഓരോ വർഷവും ശേഖേലിന്റെ മൂന്നിൽ-ഒന്ന് നൽകുവാൻ ഉടമ്പടി കരാർ ഉണ്ടായിരുന്നു. ആളുകൾ ധാന്യ നേർച്ചയിൽ, ദഹനയാഗങ്ങളും, പാപയാഗങ്ങളും അർപ്പിച്ചിരുന്നു; അവർ ദേശത്ത് എല്ലാവൃക്ഷത്തിന്റേയും ആദ്യഫലം ദേവാലയത്തിൽ വർഷത്തിലൊരിക്കൽ കൊണ്ടുവരുമ്പോൾ, അവരുടെ ആദ്യ ജാതന്മാരേയും കൊണ്ടുവരേണ്ടിയിരുന്നു. കൂടാതെ ലേവ്യർക്കുള്ള പത്തിലൊന്ന്, പത്തിലൊന്നിന്റെ പത്തിലൊന്ന് ദൈവത്തിന്റെ ഭണ്ഡാരത്തിലേക്ക് അവർ കൊണ്ടുവരേണ്ടിയിരുന്നു, അങ്ങനെ അവർ ദൈവാലയത്തെ അവഗണിക്കാതിരുന്നു (നെഹമ്യാവ് 10:32-39).

ദൈവത്തിന് നൽകാമെന്നു വാഗ്ദാനം ചെയ്ത യഹൂദ്യർ അതിൽ പരാജയപ്പെട്ടതിന് പഴയനിയമത്തിൽ അവസാനപുസ്തകമായ മലാഖിയിൽ അവരെ ശിക്ഷിക്കുന്നതായി കാണുന്നു. ദൈവം മലാഖി മുഖാന്തിരം ചോദിച്ചു "മനുഷ്യനു ദൈവത്തെ തോല്പിക്കാമോ? എങ്കിലും നിങ്ങൾ എന്നെ തോൽപ്പിക്കുന്നു! എന്നാൽ നിങ്ങൾ ഏതിനാൽ ഞങ്ങൾ നിന്നെ തോൽപ്പിക്കുന്നു എന്നു ചോദിക്കുന്നു." ദൈവത്തെ തോൽപ്പിച്ചതിന് യഹൂദ്യയിലെ ജനത്തെ മുഴുവൻ ദൈവം ശപിച്ചതായി പ്രവാചകൻ പറയുന്നു. പിന്നെ അവൻ അവരോട് പറഞ്ഞു, "എന്റെ ആലയത്തിൽ ആഹാരം ഉണ്ടാകേണ്ടതിനു നിങ്ങൾ ദശാംശം മുഴുവനും ഭണ്ഡാരത്തിലേക്കു കൊണ്ടുവരുവിൻ, ..." (മലാഖി 3:8-10).

സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിപ്പാൻ യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു (മത്തായി 6:19-21). നൽകേണ്ടതിന്റെ ശരിയായ ഉദ്ദേശവും രീതിയും അവൻ അവരെ പഠിപ്പിച്ചു (മത്തായി 6:1-4). അവരുടെ നൽകൽ ആളുകളെ പ്രീതിപ്പെടുത്തുവാൻ ആയിരുന്നില്ല, മറിച്ച് ദരിദ്രരെ സഹായിക്കുവാനായി അവ രഹസ്യത്തിൽ കൊടുത്താൽ ദൈവം അവരെ അനുഗ്രഹിക്കും എന്ന് പറഞ്ഞത്, അവർ നൽകുന്ന ദാനം ദൈവത്തെ പ്രസാദിപ്പിക്കുന്നതാകണം, അല്ലാതെ മനുഷ്യരെ അല്ല എന്നർത്ഥം. ദൈവാലയ ഭണ്ഡാരത്തിൽ ആളുകൾ നേർച്ചയിടുന്നത് അവൻ നിരീക്ഷിച്ചു, വളരെ അധികം ഇട്ടതായ ചിലരേയും യേശു കണ്ടു, ദരിദ്രയായ ഒരു വിധവ രണ്ടു വെള്ളിക്കാശു മാത്രം ഇട്ടു. യേശു അത് ശിഷ്യന്മാരെ ചൂണ്ടി കാണിച്ചു അവരോടു പറഞ്ഞു, "ഭണ്ഡാരത്തിൽ ഇട്ട എല്ലാവരെക്കാളും ഈ ദരിദ്രയായ വിധവ അധികം ഇട്ടിരിക്കുന്നു എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. എല്ലാവരും തങ്ങളുടെ സമൃദ്ധിയിൽ നിന്നു ഇട്ടു; ഇവളോ തന്റെ ഇല്ലായ്മയിൽനിന്നു തനിക്കുള്ളതു ഒക്കെയും

തന്റെ ഉപജീവനം മുഴുവനും ഇട്ടു എന്നു അവരോടു പറഞ്ഞു" (മർക്കൊസ് 12:43, 44).

ഈ പശ്ചാത്തലം വെച്ചുകൊണ്ടായിരുന്നു ആദ്യ ക്രിസ്ത്യാനികൾ ദൈവത്തിനു നൽകുവാൻ ശീലിച്ചത്. നൽകുന്നതിനെ സംബന്ധിച്ച് പൗലോസ് ശീലിച്ചതും ഈ പശ്ചാത്തലത്തിലായിരുന്നു. അവൻ നാല് സുവിശേഷങ്ങളിലും കാണാത്ത യേശുവിന്റെ പ്രസ്താവനയാണ് ഉദ്ധരിച്ചത്, "വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതാണ് ഭാഗ്യം" (പ്രവൃത്തികൾ 20:35). സഭ നല്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തതിന്റെ ഉദ്ദേശം ബഡ്ജറ്റ് വിപുലമാക്കുവാനായിരുന്നില്ല, പിന്നെയോ ആരാധന മെച്ചപ്പെടുത്തുന്നതിനായിരുന്നു.

## ദൈവീക ഉപദേശപ്രകാരം നൽകൽ

പൗലോസ് നൽകലിനെ നിർവ്വചിച്ചത് സൂചിപ്പിക്കുന്നത് അവൻ ആരാധനയുടെ പ്രകടനത്തെ പരിഗണിച്ചിരുന്നു എന്നാണ്. വാസ്തവത്തിൽ പുതിയ നിയമത്തിൽ മറ്റൊരിടത്തും കാണാത്ത നിർദ്ദേശമാണ് പൂർണമായും അവൻ നൽകിയത്. യഹൂദ്യയിലെ ദരിദ്രന്മാർക്ക് വേണ്ടി ധർമ്മശേഖരം നടത്തുവാൻ അവൻ കൊരിന്ത്യയിലെ ക്രിസ്ത്യാനികളോട് മുൻപ് നിർദ്ദേശിച്ചിരുന്നു; അവൻ അവരോട് പറഞ്ഞു, "ശേഖരത്തിന്റെ കാര്യം" ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അവർ കൂടിവരുമ്പോൾ ചെയ്യേണ്ടിയിരുന്നു (1 കൊരിന്ത്യർ 16:1, 2). ഒരു പക്ഷെ ആ ദിവസം ശേഖരം നടത്തുവാൻ പറഞ്ഞത്, അവർ കൂടിവരുന്ന ദിവസം ആയതുകൊണ്ടാകാം; ഒരിക്കൽ നാം പൗലോസ് മനസിലാക്കിയ നൽകൽ പങ്കിടുമ്പോൾ, അത് ആരാധനയിൽ ദൈവത്തോടുള്ള പ്രതികരണമായി കാണുന്നതിൽ പ്രയാസം വരികയില്ല.

രണ്ട് കാരണങ്ങൾ നിമിത്തമാണ് പാലസ്തീനിലെ യഹൂദ്യ സഭകൾക്ക് സഹായമെത്തിക്കുവാൻ മക്കദോന്യാ, അഖായാ, ഗലാത്യാസഭകളോട് ധർമ്മശേഖരം നടത്തുവാൻ പൗലോസ് ആഗ്രഹിച്ചത്. യഹൂദ്യയിലെ ദരിദ്രരായ ക്രിസ്ത്യാനികളെ സഹായിക്കുകയായിരുന്നു അന്ന്; മറ്റൊന്ന് യഹൂദ ക്രിസ്ത്യാനികൾക്കും ജാതികളിൽ നിന്ന് ക്രിസ്ത്യാനികളായവർക്കും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുവാനായിരുന്നു. ആ രണ്ട് കാരണങ്ങളും ദൈവവേലക്ക് യോഗ്യമാക്കുന്നതും ദൈവത്തോട് പുകഴ്ച-പ്രതികരണവുമാണ്. പൗലോസ് നൽകുന്ന ആശയത്തെ 2 കൊരിന്ത്യർ 8 ലും 9 ലും കൊരിന്ത്യാ സഭക്ക് നിർദ്ദേശങ്ങൾ നൽകുന്നു.

ക്രിസ്തീയ നൽകൽ എന്തല്ലാമെന്ന് പൗലോസ് ആദ്യം വിവരിച്ചു. മറ്റുള്ളവരുടെ കഷ്ടത കുറക്കുവാൻ നൽകുന്നവരുടെ കഷ്ടത വർദ്ധിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള*തല്ല* (8:13). ക്രിസ്തീയ നൽകൽ സങ്കടത്താൽ ആകരുത് (9:7). അതായത്, നൽകുന്നയാൾ നൽകിയിട്ട് നൽകാതിരുന്നുവെങ്കിൽ എന്ന് വിചാരിക്കരുത്. അവസാനമായി, ഒരു ക്രിസ്ത്യാനി കൊടുക്കുന്നത് നിർബന്ധത്താൽ ആകരുത് (9:7). അതിനർത്ഥം മറ്റുള്ളവർ നിർബന്ധിച്ചിട്ടോ അല്ലെങ്കിൽ മറ്റുള്ളവർ നാം കൊടുക്കണം എന്ന് വിചാരിക്കുന്നതു കൊണ്ടോ ആകരുത്; മറിച്ച് ദൈവത്തോടുള്ള ഹൃദയ പ്രതികരണമായിരിക്കണം നൽകൽ. പൗലോസ് പറയുന്ന കൊടുക്കൽ നീണ്ടതായിരിക്കണം:

1. "സന്തോഷ സമൃദ്ധി" നൽകുന്നതായിരിക്കണം ക്രിസ്തീയ കൊടുക്കൽ, നൽകുന്നവർ "വലിയ ദുഃഖാവസ്ഥയിലാണെങ്കിലും" (2 കൊരിന്ത്യർ 8:1,

2). ദൈവത്തോടുള്ള ആരാധനാ പ്രകടനങ്ങളിലൊന്നാണ് സന്തോഷം എന്ന് നാം കഴിഞ്ഞ ഒരു പാഠത്തിൽ പഠിച്ചു.

2. ഔദാര്യ പൂർവ്വമായിരിക്കണം ക്രിസ്തീയ നൽകൽ, നൽകുന്നവർ വലിയ ദാരിദ്ര്യത്തിൽ ആണെങ്കിൽപോലും (8:1, 2). ഔദാര്യം എന്ന് പറയുമ്പോൾ ദൈവത്തോടുള്ള പ്രതികരണം ലക്ഷ്യമാക്കിയായിരിക്കണം, കാരണം അവന്റെ സമൃദ്ധമായ അനുഗ്രഹങ്ങളാണ്. ദൈവത്തോട് ഔദാര്യം പ്രകടിപ്പിക്കുന്നതാണ് ആരാധന.

3. കഴിവിനപ്പുറം നൽകുവാൻ ക്രിസ്ത്യാനികളോട് പറഞ്ഞിട്ടില്ല, എന്നാൽ മക്കെദോന്യയിലുള്ള ക്രിസ്ത്യാനികൾ തങ്ങളുടെ കഴിവിനപ്പുറം ഈ കാര്യത്തിൽ ദൈവത്തോട് പ്രതികരിച്ചിട്ടുണ്ട് (8:3, 12). അത്തരം നൽകൽ ത്യാഗ പൂർണമായ ആരാധനയാണ്.

4. മറ്റ് ക്രിസ്ത്യാനികളെ സഹായിക്കുന്ന അവസരം മക്കെദോന്യാക്രിസ്ത്യാനികൾ ചോദിക്കുകയുണ്ടായി (8:4). അത് ആരാധനയുടെ നിറഞ്ഞുകവിഞ്ഞ സ്നേഹവും ദൈവവേലയിൽ വിശുദ്ധന്മാരെ സേവിക്കുവാനുള്ള അനുമോദനവും ആയിരുന്നു.

5. ഔദാര്യമുള്ള ആ ക്രിസ്ത്യാനികൾ ആദ്യം അവരുടെ ഹൃദയങ്ങളെ ദൈവത്തിനു സമർപ്പിച്ചിരുന്നു (8:5). ഒരാൾ ആദ്യം തന്നെത്തന്നെ ദൈവത്തിനു നൽകിയില്ലെങ്കിൽ, അയാൾക്കു അധികം നൽകുവാൻ കഴിയുകയില്ലാ എന്നാണ് സൂചന. നൽകുന്ന ദാനത്തിൽ ഹൃദയം ഉൾപ്പെടുന്നില്ലെങ്കിൽ അത് ശൂന്യവും പാഴുമായി. നമ്മെത്തന്നെ ദൈവത്തിനു ഏൽപ്പിച്ചുകൊടുക്കുന്ന ആരാധനയാണ് റോമർ 12:1, 2-ൽ ഉള്ളത്.

6. ദൈവത്തിനു നൽകുന്നത് ഒരു കാരുണ്യ പ്രവൃത്തിയാണ് (8:6), അതിൽ ഒരാൾക്ക് തുടർച്ചയായി വളരുവാനും കഴിയണം (8:7).

7. ദൈവത്തോടും അന്യോന്യവും ഉള്ള സ്നേഹം തെളിയിക്കുന്നതാണ് ആത്മാർത്ഥമായ നൽകൽ (8:8). സഭക്ക് ആവശ്യമുള്ളതുകൊണ്ട് മാത്രമല്ല ദാനം നൽകേണ്ടത്. നൽകൽ ദൈവത്തോടുള്ള സ്നേഹ പ്രകടനമായിരിക്കണം. അതാണ് ആരാധന!

8. നൽകൽ യേശുക്രിസ്തുവിനെ അനുഗമിക്കുന്ന മാതൃകയാണ്, "നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിനു നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ" (8:9). ആത്മികമായി എത്രത്തോളം ധനികരാണെന്ന് നാം തിരിച്ചറിയുമ്പോൾ, നാം പിതാവിനുള്ളതിനെല്ലാം അവകാശികളാകുകയും, ആ സമൃദ്ധി നൽകൽ ആരാധന ധനികമാക്കുകയും ചെയ്യുന്നു.

9. സഹക്രിസ്ത്യാനികൾക്കിടയിൽ തുല്യത കൈവരിക്കുന്നതാണ് നൽകൽ (8:13, 14). തുല്യത കൂട്ടായ്മയേയും, പങ്കാളിത്വത്തേയും, പങ്കെടുക്കലിനേയും, യോജിപ്പിനേയും ആണ് സൂചിപ്പിക്കുന്നത് - അവയെല്ലാം ആരാധനയുടെ സ്വഭാവങ്ങളെ ചേർക്കുന്നതാണ്.

10. നൽകൽ ദൈവവേലയിൽ പങ്കുചേരുവാനുള്ള സന്നദ്ധത വ്യക്തമാക്കുന്നു (8:11, 12; 9:2).

11. നൽകൽ ഹൃദയത്തിന്റെ കാര്യമാണ്. നൽകുന്നവർ സന്തോഷത്തോടെയും പൂർണ്ണ വിശ്വസ്തതയോടെയും നൽകണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത് (9:7). ഹൃദയത്തിൽ നിന്ന് ദൈവത്തോടുള്ള സ്നേഹം നിറഞ്ഞു

കവിയുന്നതാണ് ആരാധനയിൽ സന്തോഷവും നിശ്ചയവും വ്യക്തമാക്കുന്നത്.

12. വിതക്കുവാൻ വിത്തും എല്ലാ നല്ല ദാനവും തികഞ്ഞ വരവും നൽകുന്നവനാൽ അനുഗ്രഹിക്കപ്പെടുന്നവനാണ് നൽകുന്ന വ്യക്തി (9:10, 11). എല്ലാ ആരാധനയിലും, ആരാധിക്കുന്നവനാൽ ആരാധകൻ അനുഗ്രഹിക്കപ്പെടുന്നു. അതുകൊണ്ടാണ് "വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് ഭാഗ്യം" എന്ന് പറഞ്ഞത് (പ്രവൃത്തികൾ 20:35).

13. നൽകൽ ദൈവത്തോട് നന്ദി പുറപ്പെടുവിക്കുന്നു, കാരണം അത് നൽകുന്ന വ്യക്തിക്കും ലഭിക്കുന്ന വ്യക്തിക്കും ഉള്ളതാണ് (9:11–15). ഏത് തരത്തിലുള്ള നന്ദിയായാലും ദൈവത്തിനാണെങ്കിൽ അത് ആരാധനയാണ്.

## ഉപസംഹാരം

സത്യാരാധനക്ക് പലവിധത്തിൽ ദൈവപദ്ധതി നിറവേറ്റുന്നതാണ് നൽകൽ, ആഗ്രഹിക്കത്തക്കതാണെങ്കിൽ പോലും അവ രണ്ടും വേർതിരിക്കുക പ്രയാസമാണ്. ജിമ്മി ലിവിഡന്റ് പറഞ്ഞു, "നൽകലിനെ ക്കുറിച്ച് ഉപദേശിക്കുമ്പോൾ, അത് ആരാധനയാണെന്നുള്ള വസ്തുതക്ക് കൂടുതൽ ഊന്നൽ കൊടുക്കുകയും അതിൽ ദൈവത്തോട് അതിശയകരമായും വിനയത്തോടും കീഴ്പ്പെടൽ കാണിക്കുന്നതാണ് അല്ലാതെ ബഡ്ജറ്റിനാവശ്യമുള്ള പണമായി മാത്രം കാണരുത്."[2]

പല സഭകളും നൽകുന്നതിനെ സംബന്ധിച്ച് ഉപദേശിക്കുന്ന കാര്യത്തിൽ ലോലമായി തീർന്നിരിക്കയാണ്. സഭാ വളർച്ചയുടെ പഠനം വെളിപ്പെടുത്തുന്നത് "സഭയിൽ അല്ലാത്തവർ" സഭകളെ വിമർശിക്കുന്നത് പണം ആവശ്യപ്പെടുന്നതിനെക്കുറിച്ചാണ്.[3] സഭയുടെ ശുശ്രൂഷകൾക്ക് സന്ദർശകർ സാമ്പത്തിക സഹായം ചെയ്യരുത് എന്ന് പറയുന്നതിനോട് ചില സഭകൾ പ്രതികരിച്ചിട്ടുണ്ട്. മറ്റുള്ളവർ ആരാധനക്കിടയിൽ ധർമ്മം ശേഖരിക്കാറില്ല, എന്നാൽ അംഗങ്ങളോട് ധർമ്മശേഖരം തപാലിൽ അയച്ചു കൊടുക്കുവാനോ മറ്റേതെങ്കിലും രീതിയിൽ എത്തിക്കുവാനോ ആവശ്യപ്പെടും. ചില സഭകളിൽ പ്രസംഗത്തിലോ ഉപദേശത്തിലോ അവരുടെ യോഗങ്ങളിൽ നൽകലിനെക്കുറിച്ച് പറയുവാൻ അനുവദിക്കയില്ല. ഒന്നിലധികം പ്രാവശ്യം, അതിഥി പ്രാസംഗികനെ ക്ഷണിച്ചപ്പോൾ, നൽകലിനെക്കുറിച്ച് ഉപദേശിക്കരുതെന്ന് എന്നോടു പറഞ്ഞു. അടുത്തകാലത്ത് ഞായറാഴ്ച്ച രാവിലെ ഒരു സഭയിൽ പ്രസംഗിക്കുവാൻ എന്നോടു പറഞ്ഞു. പിന്നീട് ഞായറാഴ്ച്ച രാവിലെയുള്ള ക്ലാസ്സ് എടുക്കുവാനും, എന്നോടു ആവശ്യപ്പെട്ടു. ഞാൻ സമ്മതിക്കയും, അവർ എന്തായിരുന്നു പഠിച്ചുകൊണ്ടിരുന്നതെന്നും അവർ എന്താണ് പഠിക്കുവാൻ താൽപര്യപ്പെടുന്നതെന്നും ചോദിച്ചു. അവർ കേൾക്കുവാൻ ഇഷ്ടപ്പെടുന്നതെന്താണെന്നു പറഞ്ഞില്ല, എന്നാൽ ഒരു വിഷയത്തെക്കുറിച്ച് സംസാരിക്കരുത് എന്നു പറഞ്ഞു: നൽകൽ ഒഴിച്ച് ഏതൊരു വിഷയത്തെക്കുറിച്ചും പഠിപ്പിക്കാം എന്ന് എന്നോടു പറഞ്ഞു.

മുമ്പ് ഒരു പാഠത്തിൽ നാം കണ്ടതുപോലെ, "സഭയിലല്ലാത്തവർ" ക്രിസ്ത്യാനികൾ ആരാധനയിൽചെയ്യുന്നതും, എന്തുകൊണ്ടാണെന്നും മനസിലാക്കി അനുമോദിക്കുവാൻ കഴിയാത്തവരാണ്. നാം അവരുടെ വികാരങ്ങളെക്കുറിച്ച് സുബോധമില്ലാത്തവരാകരുത്. നേരെമറിച്ച്, ദൈവത്തോടുള്ള പ്രതികരണമായി ആരാധനയിൽ നൽകൽ മനസ്സിലാക്കുവാൻ പരാജയപ്പെട്ടാൽ, ആരാധനയുടെ അർത്ഥം തന്നേ മനസിലാക്കുവാൻ കഴിയാത്തവരായിത്തീ

രും. പരസ്യാരാധനയിൽ ദൈവത്തോടുള്ള പ്രതികരണസ്തോത്രവും പുകഴ്ച്ചയും ഉപേക്ഷിക്കുന്ന "സഭയിൽ അല്ലാത്തവരെ" നാം ഈ കാര്യത്തിന് അനുവദിക്കരുത്.

---

കുറിപ്പുകൾ

[1]ആന്റി റ്റി. റിച്ചി ജൂനിയർ., *ദൗ ഷാൽ വർഷിപ്പ് ദ ലോഡ് ദൈ ഗോഡ്* (ആസ്റ്റിൻ ടെക്സ്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിംഗ് ഹൗസ്, 1969), 91. [2]ജിമ്മി ലിവിഡൻ, *മോർ ദാൻ ഏ ഫീലിങ്: വർഷിപ് ദാറ്റ് പ്ലീസസ് ഗോഡ്* (നാഷ്വിലേ.: ഗോസ്പെൽ അഡ്വൊക്കേറ്റ് കമ്പനി., 1999), 119. [3]റിക്ക് വാരെൻ, "കണ്ടെമ്പററി അപ്രോച്ചസ് ടു മിനിസ്ട്രി, ഇവാഞ്ചലിസം ആന്റ് ഓർഗാനിസേഷൻ: റീച്ചിങ് ദ ബേബി ബൂം ജെനെറേഷൻ," മെട്രോപൊളിറ്റൻ മിഷൻസ് *ഒക്കേഷനൽ പേപ്പർ* 14 (ഡിസെമ്പർ 1989): 5.